# IV. റൂളിംഗ്

## ശ്രദ്ധക്ഷണിക്കലിന് മറുപടി നൽകുന്നതു സംബന്ധിച്ച്

മി. സ്പീക്കർ : റൂൾ വളരെ സ്പെസിഫിക്കാണ്. റൂൾ 62 അനുസരിച്ച് ................. to any matter of urgent public importance. That is specific. 'any matter' എന്നു പറഞ്ഞാൽ 'not all matters' അതിന്റെ എലാബറേഷൻ പാടില്ല. അതിന് ടൈം ലിമിറ്റുണ്ട്. ആ ലിമിറ്റ് കടക്കുമ്പോഴാണ് പ്രശ്നം വരുന്നത്. അദ്ദേഹത്തിന്റെ ഒരു സ്റ്റേറ്റുമെന്റ് കുറച്ച് നീണ്ടതാണ്. പക്ഷേ അതിന് ആ രൂപത്തിൽ റിപ്ലൈ ചെയ്യാൻ വിഷമമാണെന്ന് ചെയറിന് അറിയാം. തന്ന നോട്ടീസ് സ്വകാര്യ മുതൽമുടക്കിനെ സംബന്ധിച്ചുള്ള കാര്യമാണ്. പക്ഷേ അത് ചെറുതായൊന്ന് വെരിഫൈ ചെയ്തിട്ടേ മറുപടി പറയാൻ പറ്റുകയുള്ളൂ. ഓരോ രംഗത്തേയും സ്വകാര്യ മുതൽമുടക്കാണ്. കാർഷിക രംഗത്ത്, വ്യാവസായിക രംഗത്ത്, വൈദ്യുതി രംഗത്ത്, ടൂറിസം രംഗത്ത് ഇങ്ങനെ പോവുകയാണ് എല്ലാ രംഗത്തുമുണ്ട്. ആർക്കാണ് ഇതിന് മറുപടി പറയാൻ കഴിയുക? അതൊരു ഡിസ്ക്കഷന്റെ ഭാഗമായിട്ടല്ലാതെ അല്ലെങ്കിൽ പ്രത്യേകമായിട്ട് വേണമെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചൂണ്ടിക്കാണിച്ചത് വിശദമായ മറുപടി സാധ്യമല്ലെന്ന നിലയിലാണ് ചോദിച്ചുകൂടാ എന്നല്ല, ചോദിക്കാം. ചോദിക്കാനുള്ള പെർമിഷൻ കൊടുക്കാനുള്ള അവകാശം ചെയറിനാണ്. ആ രൂപത്തിൽതന്നെയാണ് കൊടുത്തത്. ആ ലിമിറ്റിൽ നിന്നുകൊണ്ട് ചോദിക്കും, ആ ലിമിറ്റിൽ നിന്നുകൊണ്ടുള്ള മറുപടിയാണ് ചെയർ ഉദ്ദേശിച്ചത്. അത്രയേയുള്ളൂ, അതിനപ്പുറം കടന്നുകൊണ്ട് അദ്ദേഹം അവതരിപ്പിച്ചാലും മുഖ്യമന്ത്രി പറഞ്ഞാലും അത് ശരിയല്ല, ആ രൂപത്തിൽ മാത്രമാണ് ഉദ്ദേശിച്ചത്. പിന്നെ രണ്ടാമത് ശ്രീ. ടി.എം. ജേക്കബ് പറഞ്ഞത് അദ്ദേഹത്തിന് രണ്ടാമത് ചോദ്യം ചോദിക്കുന്ന കാര്യമാണ്. ആ ചോദ്യത്തിന് മുഖ്യമന്ത്രി പറഞ്ഞ ആൻസർ അതിന് പ്രത്യേകം നോട്ടീസ് വേണമെന്നാണ്. പ്രത്യേക നോട്ടീസ് വേണമെന്നുപറയുന്നതും പ്രത്യേക ചോദ്യം വേണമെന്നുപറയുന്നതും ആൻസറാണ്. ഇന്ന രൂപത്തിൽ ആൻസർ പറയണമെന്ന് പറയാൻ പറ്റില്ല. ഒരു നിർദ്ദേശം അദ്ദേഹം വച്ചു. മുഖ്യമന്ത്രി ചെയർമാനായിട്ടുള്ള ഒരു സമിതിയോ കാര്യമോ ആലോചനയോ ഒക്കെയാണ് അദ്ദേഹം പറഞ്ഞത്. അതിന് പ്രത്യേകം നോട്ടീസ് വേണമെന്നാണ് മുഖ്യമന്ത്രി പറഞ്ഞത്. പ്രശ്നം തീർന്നു. ഇത് ഏപ്രിൽ ഫൂൾ അല്ലെന്നാണ് ചെയർ ധരിക്കുന്നത്. ഇത് ഏപ്രിൽ ഫൂൾ ആണെങ്കിൽ ചെയറിന് ഒന്നും പറയാനില്ല.

ശ്രീ. ടി.എം. ജേക്കബ് : സർ, എനിക്കുതോന്നുന്നത് മുഖ്യമന്ത്രി ഇപ്പോൾ ഈ സഭയെ മുഴുവൻ ഏപ്രിൽ ഫൂൾ ആക്കിയതാണെന്നാണ്.

LIBRARY ARCHIVES Kerala Legislative Assembly